## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

11.06.2019-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1471

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷാസംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഡി.കെ.മുരളി : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സർക്കാർ മത്സ്യബന്ധനത്തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങളും ജി.പി.എസ്. സംവിധാനവും നൽകിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകുകയും ആയതിനായി ഇ - ടെണ്ടർ ക്ഷണിക്കുകയും Unicare Emergency Equipment (Pvt) Ltd, Bharat Traders, Mumbai എന്നീ കമ്പനികൾ മുഖേന ആദ്യഘട്ടമായി 30000 എണ്ണം ലൈഫ് ജാക്കറ്റുകൾ 9 തീരദേശ ജില്ലകൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരികയുമാണ്. കൂടാതെ 'കടൽ സുരക്ഷ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' എന്നീ പദ്ധതികൾ മുഖേന 1132 ലൈഫ് ബോയെകളും 566 ജി.പി.എസ് കളും എല്ലാ മറൈൻ ജില്ലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനങ്ങൾ എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ